# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T. 3881 25.06.2013 ൽ മറുപടിക്ക്

## എൻ. പി. ആർ, ആധാർ കണക്കെടുപ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) നാഷണൽ പോപ്പുലേഷൻ രജിസ്റ്റർ, ആധാർ എന്നീ കണക്കെടുപ്പുകൾ സംസ്ഥാനത്ത് പൂർത്തിയായിട്ടുണ്ടോ ; | (എ) ഇല്ല |
| (ബി) അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (ബി) കേരളത്തിൽ ഏകദേശം 90% ജനങ്ങൾ ആധാറിനായി രജിസ്റ്റർ ചെയ്തു. ഇതു വരെ 2,59,69,224 പേർക്ക് ആധാർ നമ്പറുകൾ അനുവദിച്ചു കഴിഞ്ഞു. 2,35,46,476 പേർ നാഷണൽ പോപ്പുലേഷൻ രജിസ്റ്റർ വഴി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ഓരോ വ്യക്തിയും ആധാർ, എൻ.പി.ആർ രജിസ്ട്രേഷനുകൾ നടത്തേണ്ടതുണ്ടോ; | (സി) ആധാറിനായി എൻറോൾമെന്റ് ചെയ്തവർ എൻ പി ആർ രജിസ്ട്രേഷൻ സമയത്ത് വീണ്ടും ബയോമെട്രിക് വിവരങ്ങൾ നൽ കേണ്ടതില്ല. പകരം യു ഐ ഡി എൻറോൾമെന്റ് സ്ലിപ്/ആധാർ ഇവ ഹാജരാക്കിയാൽ മതി. അതു പോലെ എൻ പി ആർ വഴി രജിസ്റ്റർ ചെയ്തവർ വീണ്ടും ആധാറിനായി രജിസ്റ്റർ ചെയ്യേണ്ടതില്ല. എൻ പി ആർ രജിസ്ട്രേഷനിൽ ഉൾപ്പെടാത്തവർ (5 വയസിനു താഴെ പ്രായമുള്ളവർ) യു ഐ ഡി ക്യാമ്പുകളിൽ രജിസ്റ്റർ ചെയ്താൽ മാത്രമേ ആധാർ നമ്പർ ലഭിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | ഇതുവഴി നല്കുന്ന തിരിച്ചറിയൽ രേഖ സംസ്ഥാനത്ത് ഔദ്യോഗികമായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ ; | (ഡി) | കേരള പബ്ലിക് സർവീസ് കമ്മീഷൻ, ഇന്ത്യൻ റെയിൽവേ മുതലായവ ആധാർ ഒരു തിരിച്ചറിയൽ രേഖയായി അംഗീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് നൽകുന്ന എൻ. പി.ആർ കാർഡുകൾ ഔദ്യോഗിക രേഖയാണ്. |
| (ഇ) | പ്രസ്തുത കാർഡുകളിലെ തെറ്റുകൾ തിരുത്തുവാനുള്ള നടപടികൾ വിശദീകരിക്കാമോ ? | (ഇ) | ആധാർ കാർഡുകളിലുള്ള ഡെമോഗ്രാഫിക് ഡാറ്റാ ആവശ്യമെങ്കിൽ തിരുത്തൽ വരുത്തുന്നതിനായി യു.ഐ.ഡി.എ.ഐ ഓൺലൈൻ സംവിധാനമൊരുക്കിയിട്ടുണ്ട്. http://uidai.gov.in എന്ന വെബ്സൈറ്റിലുള്ള Update your Aadhaar data എന്ന ലിങ്കിലൂടെ ആധാർ കാർഡുള്ള ഏതൊരു പൗരനും സ്വന്തം ഡെമോഗ്രാഫിക് ഡാറ്റാ ഇന്റർനെറ്റ് വഴി സ്വയമോ അക്ഷയ സെന്ററുകളിലൂടെയോ തിരുത്താവുന്നതാണ്.<br>ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കുന്ന ക്യാമ്പുകളിൽ വച്ച് നേരത്തെ ശേഖരിച്ച ഡെമോഗ്രാഫിക് വിവരങ്ങൾ തിരുത്തുന്നതിനുള്ള അവസരം, വിവരങ്ങൾ ഉൾക്കൊള്ളുന്ന റജിസ്റ്റർ അന്തിമമാക്കുന്നതിന് മുൻപ് ജനങ്ങളിൽ നിന്നും പരാതികൾ സ്വീകരിക്കുന്നതിനുള്ള അവസരം, തെറ്റു തിരുത്തുവാൻ ജില്ലാ രജിസ്റ്റാർ കൂടിയായ ജില്ലാ കളക്ടർക്ക് അപ്പീൽ നൽകുന്നതിനുള്ള അവസരം എന്നിവ എൻ. പി. ആറിൽ കടന്നു കൂടിയ തെറ്റുകൾ തിരുത്തുന്നതിനു വേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ